LIBRARY ARCHIVES Kerala Legislative Assembly

പ്രധാനമന്ത്രി ഗ്രാമ സഡക് യോജന

59 (1495) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രധാനമന്ത്രി ഗ്രാമ സഡക് യോജന പ്രകാരം കൊട്ടാരക്കര, വെട്ടിക്കവല ബ്ലോക്കുകളിൽ പണി ആരംഭിച്ചിട്ട് പൂർത്തീകരിക്കാൻ കഴിയാത്ത പ്രവൃത്തികൾ ഏതെല്ലാമാണ് ;

(ബി) അവയുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ ;

(സി) അനുമതി ലഭിച്ചിട്ട് ഇനിയും പണി ആരംഭിക്കാത്ത പ്രവൃത്തികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഡി) ഏറ്റവും ഒടുവിലായി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പേര്, തുക, നിലവിലെ സ്ഥിതി എന്നിവ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) അനുബന്ധം I ആയി ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം II ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

(ഡി) അനുബന്ധം IV ആയി ചേർത്തിരിക്കുന്നു.*

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

60(1496) ശ്രീ. പാലോട് രവി :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ രാജീവ് ഗാന്ധി സേവാ കേന്ദ്രങ്ങളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത കേന്ദ്രങ്ങൾ വഴി എന്തെല്ലാം സേവനങ്ങളും പ്രവൃത്തികളുമാണ് ചെയ്യുന്നതെന്ന് വിശദീകരിക്കുമോ ;

(ഡി) തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമാക്കുന്നതിന് പ്രസ്തുത കേന്ദ്രങ്ങൾ എത്രമാത്രം പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ്?

ഉത്തരം

(എ) കേന്ദ്രസർക്കാർ 3-1-2014-ൽ പുറപ്പെടുവിച്ച മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിന്റെ പട്ടിക I, II എന്നിവയുടെ ഭേദഗതി അനുസരിച്ച് ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങളുടെ നിർമ്മാണം അനുവദനീയമായ പ്രവൃത്തിയിനത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ പ്രസ്തുത നിയമഭേദഗതിക്ക് മുമ്പ് 54 ഗ്രാമപഞ്ചായത്തുകളിലും 15 ബ്ലോക്ക് പഞ്ചായത്തുകളിലും ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങളുടെ നിർമ്മാണം ഏറ്റെടുത്തിട്ടുണ്ട്. ഇവയിൽ അഞ്ച് ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിച്ചവയുടെ നിർമ്മാണം പുരോഗതിയിലാണ്.

(ബി) ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

1. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകളിലെ തൊഴിലുറപ്പ് പദ്ധതി ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ സ്ഥലം പ്രദാനം ചെയ്യുക.
2. വിജ്ഞാന-വിഭവ കേന്ദ്രമായി (knowledge resource centre) പ്രവർത്തിക്കുക.
   (i) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെയും മറ്റ് ഗ്രാമവികസന പദ്ധതികളെയും കുറിച്ചുള്ള വിവരങ്ങൾ ഗ്രാമീണർക്ക് ലഭ്യമാക്കുക.
   (ii) ഗ്രാമപ്രദേശങ്ങളിലെ ആസ്തികളുടെ ഉല്പാദനക്ഷമതയും സുസ്ഥിരതയും വർദ്ധിപ്പിക്കുന്നതിനാവശ്യമായ മാതൃകാ പ്രവർത്തനങ്ങളും നൂതന സാങ്കേതിക വിദ്യകളും സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്ക് നൽകുക.
   (iii) പൊതുജനങ്ങൾക്കും ഗ്രാമപഞ്ചായത്തുകൾക്കും ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ ഓഫീസിനും സഹായകരമായ രീതിയിൽ വിവര സാങ്കേതിക വിദ്യയിലൂടെ സേവനങ്ങൾ ലഭ്യമാക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(സി&ഡി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമമനുസരിച്ച് ലഭ്യമാക്കേണ്ട അവകാശങ്ങളും സേവനങ്ങളും ഉറപ്പാക്കുന്നതിനുതകുന്ന വേദിയായി ഭാരത് നിർമ്മാൺ രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങളെ പ്രയോജനപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിലേക്കായി തൊഴിൽ കാർഡ് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കൽ, തൊഴിൽ ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ നൽകൽ, മസ്റ്റർ റോളുകളുടെ പരിശോധന, പരാതി സമർപ്പിക്കൽ, വിവരസാങ്കേതിക സംവിധാനങ്ങളുടെ പ്രയോജനം ലഭ്യമാക്കൽ എന്നിവ സേവാകേന്ദ്രങ്ങൾവഴി ഏറ്റെടുക്കാം. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഉദ്യോഗസ്ഥർക്ക് പ്രവർത്തിക്കുന്നതിനുള്ള സൗകര്യം, മീറ്റിംഗുകൾ, ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കൽ, വിവര സാങ്കേതിക സൗകര്യങ്ങൾ സജ്ജമാക്കൽ, ഓഫീസ് റിക്കോർഡുകൾ സൂക്ഷിക്കൽ, പരാതി പരിഹാര സംവിധാനം, ഗ്രാമതലത്തിൽ സോഷ്യൽ ഓഡിറ്റ് ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള പിന്തുണാ സംവിധാനം, പരിശീലനങ്ങൾ സംഘടിപ്പിക്കൽ എന്നീ പ്രവർത്തനങ്ങളും രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങൾവഴി നിർവ്വഹിക്കുന്നതാണ്.

മേൽ സൂചിപ്പിച്ചിരിക്കുന്ന എല്ലാ സേവനങ്ങളും ലഭ്യമാക്കുകവഴി പദ്ധതി കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. തൊഴിലുറപ്പ് പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ സ്വീകരിക്കൽ, തൊഴിൽ ലഭിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കൽ, അവയ്ക്ക് കൈപ്പറ്റ് രസീത് നൽകൽ, തൊഴിൽ അനുവദിച്ചുകൊണ്ടുള്ള അറിയിപ്പ് നൽകൽ, മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS)-ൽ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള ഡാറ്റാ എൻട്രി പ്രവർത്തനങ്ങൾ, തൊഴിലുറപ്പ് പദ്ധതി ജീവനക്കാർക്ക് ആവശ്യമായ ഓഫീസ് സൗകര്യങ്ങൾ ലഭ്യമാക്കൽ, തൊഴിലാളികൾക്ക് സമ്മേളിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കൽ, തൊഴിലാളികൾക്കുള്ള പരിശീലനങ്ങൾ നടത്തൽ, പദ്ധതി സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കൽ, സാമൂഹ്യ ഓഡിറ്റിംഗിന് സഹായങ്ങൾ ലഭ്യമാക്കൽ എന്നീ പ്രവർത്തനങ്ങൾ രാജീവ്ഗാന്ധി സേവാകേന്ദ്രങ്ങൾവഴി നിർവ്വഹിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly